# മനുഷ്യന്റെ ഹൃദയം ശോധന ചെയ്യുന്ന ദൈവം

## 1 ശമുവേൽ 16:7

"മനുഷ്യൻ നോക്കുന്നത് പോലെയല്ല. മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു. യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിച്ചെയ്തു."

കൃപയാലുള്ള കർത്താവിന്റെ തിരഞ്ഞെടുപ്പ്, വേദപുസ്തകം മുഴുവനും നമ്മെ പഠിപ്പിക്കുന്ന ഒരു വിഷയമാണ് നാം വായിച്ച ഈ വാക്യങ്ങൾ. യഹോവയായ ദൈവം ശമുവേൽ പ്രവാചകനോട് അരുളിച്ചെയ്ത വാക്യങ്ങളാണ്. ബാഹ്യമായ മോടിയോ, കഴിവോ നോക്കിയല്ല ദൈവം തന്റെ അഭിഷിക്തന്മാരെ തിരഞ്ഞെടുത്തത്. വേദപുസ്തകം തക്കതായ ഉദാഹരണങ്ങൾ നമുക്കു നൽകുന്നു.

സങ്കീർത്തനങ്ങൾ 11:4 "അവന്റെ കൺപോളകൾ മനുഷ്യപുത്രന്മാരെ ശോധന ചെയ്യുന്നു".

ഇതേപോലെതന്നെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയാണ് ഗിദെയോൻ. ന്യായാധിപന്മാരുടെ കാലത്ത് യിസ്രായേൽ മക്കൾ വീണ്ടും അന്യദൈവങ്ങളെ ആരാധിക്കുകയും യഹോവയ്ക്ക് അനിഷ്ഠമായത് പ്രവർത്തിക്കുകയും ചെയ്തതായി നാം വായിക്കുന്നല്ലോ. തൽഫലമായി, ദൈവം അവർക്ക് ചുറ്റുമുള്ള ജാതികളിൽ നിന്ന് നൽകിയിരുന്ന സംരക്ഷണം നീക്കി. ഏഴുവർഷക്കാലം അവർ മിദ്യാന്യരാലും അമാലേക്യരാലും പീഡിപ്പിക്കപ്പെട്ടു. എന്നാൽ തന്റെ ജനം നിലവിളിച്ചപ്പോൾ യോവാശിന്റെ മകനായ ഗിദെയോനെ ദൈവം അവർക്കായി തിരഞ്ഞെടുത്തു. മനശ്ശെ ഗോത്രത്തിലെ ഏറ്റവും എളിയവനായ ഗിദെയോനെ തിരഞ്ഞെടുത്തപ്പോൾ അവന്റെ കുലമോ, കുടുംബമോ, കഴിവുകളോ, ഒന്നും തന്നെ ദൈവം കണക്കിടുന്നില്ല. എന്നാൽ ഈ ഗിദെയോനും, അവന്റെ 300 പേർ മാത്രമുള്ള സൈന്യവും, മിദ്യാന്യരുടെ വലിയ സൈന്യത്തെ തോല്പിച്ച്, യിസ്രായേൽ മക്കൾക്ക് വേണ്ടതായ വിടുതൽ കൊടുത്തു എന്നു നാം കാണുന്നു.

എന്തുകൊണ്ടാകാം ദൈവം ഗിദെയോനെത്തന്നെ ഈ ദൗത്യത്തിനായി തിരഞ്ഞെടുത്തത്? മനുഷ്യർ ദൃഷ്ടിയിൽ നല്ലത് തിരഞ്ഞെടുക്കുമ്പോൾ, ദൈവം മനുഷ്യന്റെ ഹൃദയം ശോധന ചെയ്തു തിരഞ്ഞെടുക്കുന്നു. മനുഷ്യദൃഷ്ടിയിൽ ഗിദെയോനു കുറവുകൾ അനേകം ഉണ്ടായിരുന്നിരിക്കാം. മുമ്പിൽ നിന്ന് ഒരു സൈന്യത്തെ നയിക്കാൻ കഴിവില്ലാത്ത ഒരു വ്യക്തിയായിരിക്കാം. എന്നാൽ ദൈവം അവനെ തിരഞ്ഞെടുത്തപ്പോൾ,

വിശ്വാസത്തോടെ അവന്റെ വിളി അനുസരിച്ചപ്പോൾ, ദൈവം ഗിദെയോനെ അനേക യോഗ്യരായ യിസ്രായേല്യരെക്കാളും ഉയർത്തി.

ഇന്ന് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് നമ്മുടെ കഴിവുകളോ, പ്രശസ്തിയോ ഒന്നും കണക്കിട്ടല്ല. സ്വന്ത ബുദ്ധിയിലോ, കഴിവുകളിലോ ഊന്നാതെ, വിശ്വാസത്തോടെ ദൈവ വിളി ഏറ്റെടുത്ത് അവനെ മാത്രം ആശ്രയിക്കുക. നമുക്കു മുമ്പിലുള്ള പോർ, അവൻ നമുക്കായി പൊരുതും, അതിനായി ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ.

**പരാമർശം:**

സദൃശവാക്യങ്ങൾ 3:5,6

പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്തവിവേകത്തിൽ ഊന്നരുതു; നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും.

സിസ്റ്റർ ഫെബി മറിയം വിനോദ് കായംകുളം 007